5. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് സെന്റർ, പാലോട്, തിരുവനന്തപുരം

6. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, തിരുവനന്തപുരം

7. ജല വിഭവ വികസന ഗവേഷണ കേന്ദ്രം, കുന്ദമംഗലം, കോഴിക്കോട്.

(ബി) ഉണ്ട്.

(സി) ഓരോ സ്ഥാപനത്തിന്റെയും വാർഷിക പുരോഗതി ഗവേണിംഗ് ബോഡി ചർച്ച ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഈ സ്ഥാപനങ്ങളുടെ ഗവേണിംഗ് ബോഡിയുടെ അനുമതിയോടെ പ്രഗൽഭൻമാരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഇവാല്യൂവേഷൻ/ റിവ്യൂ കമ്മിറ്റികളും അതതു സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഈ സ്ഥാപനങ്ങളുടെ വാർഷിക പ്രോഗ്രസ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയും സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ, യൂസർ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിമാർ തുടങ്ങിയവർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റി ഓരോ സ്ഥാപനത്തിന്റെയും നേട്ടങ്ങൾ വിലയിരുത്താറുണ്ട്.

13 (2198) രാജീവ്ഗാന്ധി സെന്റർഫോർ ബയോടെക്നോളജി

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സ്ഥാപനം ആരംഭിച്ചശേഷം ഏറ്റെടുത്ത് പൂർത്തീകരിച്ച ഗവേഷണ പ്രോജക്ടുകളുടെ വിശദവിവരം നൽകാമോ;

(സി) ഈ സ്ഥാപനത്തിൽ എത്ര സയന്റിസ്റ്റുകളും ഉയർന്ന ശാസ്ത്രജ്ഞരും ജോലി നോക്കുന്നുണ്ട്;

(ഡി) ഈ സ്ഥാപനത്തിലെ ശാസ്ത്രജ്ഞരുടെയും അനുബന്ധ സ്റ്റാഫിന്റെയും നിയമന രീതി വ്യക്തമാക്കാമോ;

(ഇ) ഈ സ്ഥാപനത്തിന്റെ ഇതേവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) ഗവേഷണരംഗത്ത് ദേശീയ/അന്തർദേശീയ പ്രാധാന്യമുള്ള കണ്ടുപിടിത്തങ്ങൾ ഏതെങ്കിലും ഈ സ്ഥാപനത്തിന്റേതായുണ്ടോ;

(ജി) ഇവിടത്തെ ഓരോ ശാസ്ത്രജ്ഞന്റേയും പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്താനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സമഗ്രമായ പഠനം നടത്തി ആവശ്യകത ബോദ്ധ്യപ്പെട്ടശേഷം മാത്രം നിയമനങ്ങൾ നടത്താൻ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) നവീനമായ ജൈവ സാങ്കേതികവിദ്യ, ജനിതക എഞ്ചിനീയറിംഗ് എന്നിവയിൽകൂടി സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പൊതുവേയുള്ള ആരോഗ്യസംരക്ഷണം, കൃഷി, മൃഗശാസ്ത്രം, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാനശാസ്ത്രം എന്നിവയിലുള്ള ഗവേഷണ പ്രവർത്തനങ്ങളും, മാനവശേഷി വികസന പ്രവർത്തനങ്ങളുമാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 16 ശാസ്ത്രജ്ഞർ ജോലി ചെയ്യുന്നു.

(ഡി) ഈ സംസ്ഥാനത്തിന്റെ നിയമാവലിക്ക് അനുസൃതമായാണ് നിയമനങ്ങൾ നടത്തുന്നത്. പത്രപ്പരസ്യം മുഖേന ലഭിക്കുന്ന അപേക്ഷകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും അംഗീകരിക്കുന്ന പാനലിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളുന്ന സ്ക്രീനിംഗ് കമ്മിറ്റിയും സെലക്ഷൻ കമ്മറ്റിയുമാണ് നിയമനത്തിനുവേണ്ടിയുള്ളവരെ തെരഞ്ഞെടുക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഹെപ്പറ്റൈറ്റീസ്-ബി എന്ന രോഗനിർണ്ണയത്തിനുള്ള കിറ്റ്. കേരളത്തിലെ ജലസമ്പത്തിനെ മലിനമാക്കുന്ന ജൈവ മാലിന്യങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള മൾട്ടി പ്ലക്സ്-പി.സി.ആർ. എന്ന ഗവേഷണരീതിയും ഈ സ്ഥാപനം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ജി) ഉണ്ട്. ആനുവൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടിലൂടെ വിലയിരുത്തുന്നുണ്ട്.

(എച്ച്) സമഗ്രമായ പഠനം നടത്തി എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും ബോധ്യപ്പെട്ടതിനുശേഷം മാത്രമേ നിയമനങ്ങൾ നടത്തിയിട്ടുള്ളൂ.

14 (2199) സി.ഡബ്ല്യു.ആർ.ഡി.എം. ന്റെ പ്രവർത്തനം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിനായി പ്രതിവർഷം സംസ്ഥാന സർക്കാരിന് എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

8.	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	1623.66	1203.45	1570.73	4397.84
9.	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	49291.11	51982.21	40583.14	141856.46
10.	സാമ്പത്തിക സർവ്വീസുകൾ	634.45	791.14	902.30	2327.89
11.	ജനറൽ സർവ്വീസുകൾ	2773.00	4797.35	4568.30	12138.65
12.	തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം	-	74186.70	94072.58	168259.28
	മൊത്തം	**218017.89**	**286762.76**	**310595.20**	**815375.86**

* ബന്ധപ്പെട്ട മേഖലകളിലെ എസ്.സി.പി/ടി.എസ്.പി. പരിപാടികൾക്കുള്ള ചെലവ് ഉൾപ്പെടെ. (ഏറ്റവും പുതിയ താൽക്കാലിക കണക്കനുസരിച്ച്).

അനുബന്ധം - III

12-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 12 (2198) കാണുക.

RAJIV GANDHI CENTRE FOR BIOTECHNOLOGY RESEARCH PROJECTS COMPLETED

Sl. No	Name of Project	Year	Grant received (Rs.)	Funding agency	Investigator
1.	A biological and environmental survey of Kuttanad area for developing a sustained agroecological policy for the region	1991-92 1992-93	2,58,000 1,81,110	STEC	Dr. M.M. Koshy
2.	Instructional package for Environment Education using conventional and multimedia approaches for High school students	1993-94	1,65,000	Govt. of India	Director
3.	Studies on amphibians of Kuttanad – a natural wet land in Central Kerala	1994-95	5,146	STEC	M.Z. Andrews
4.	UNICEF Project	1993-94 1994-95	1,02,000 17,748	UNICEF	Dr. N. Hrishi
5.	DBT Project-Biotechnology programmes on viral & bacterial diseases estrogen receptors and on environmental pollution in Kuttanad	1996-97 1997-98 1998-99	86,70,000 20,20,000	GBT, Govt. of India	Dr. M.R. Das Dr. R.V. Thampan Dr. Sathish
6.	Indo-US-VAP-Indian strains of Hep. – C virus, Detection, prevalence and strategies for control	1996-97 1997-98	7,00,000 3,00,000	Govt. of India	Dr. M.R.Das
7.	Emeritus Scientist – Mechanistic studies on Molybotate plus H O – induced activation of blood platelets	1996-97 1997-98	95,000 1,19,265	C.S.I.R	Dr. Jamaluddin

LIBRARY ARCHIVES Kerala Legislative Assembly